# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - ജീവനക്കാര്യം - ശ്രീ.ലക്ഷ്മീകാന്ത്.പിയ്ക്ക് പരസ്പരസമ്മതത്തോടു കൂടിയുള്ള അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഓഡിറ്റർ തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കെ.എസ്.എ.3/എസ്റ്റാ.1/2019** **തീയതി: 09.08.2019**

---

പരാമർശം:- (1) സ.ഉ.(സാധാ) നം.4648/2019/പൊഭവ തീയതി : 06.08.2019
(2) പൊതുഭരണ (സർവീസസ് - എ) വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ 08.08.2019 ലെ എസ്എ 2/133/2019-ജിഎഡി നമ്പർ മെമ്മോ
(3) ശ്രീ.ലക്ഷ്മീകാന്ത്.പിയുടെ 09.08.2019-ലെ സമർപ്പണം.

## ഉത്തരവ്

പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റായിരുന്ന ശ്രീ .ലക്ഷ്മീകാന്ത്.പിയ്ക്ക് തിരുവനന്തപുരം ജില്ലാ ഓഡിറ്റ് കാര്യാലയത്തിലെ ഓഡിറ്റർ ശ്രീമതി.അനുലക്ഷ്മി.വിയുമായി പരസ്പരസമ്മതത്തോടു കൂടിയുള്ള അന്തർ വകുപ്പ് സ്ഥലംമാറ്റം പരാമർശം (1) ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. പരാമർശം (2) പ്രകാരം ശ്രീ.ലക്ഷ്മീകാന്ത്.പിയെ പൊതുഭരണ വകുപ്പിൽ നിന്ന് വിടുതൽ ചെയ്യുകയും പരാമർശം (3) പ്രകാരം ശ്രീ.ലക്ഷ്മീകാന്ത്.പി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ മുമ്പാകെ 09.08.2019 പൂർവ്വാഹ്നത്തിൽ ജോലിയ്ക്ക് ഹാജരാവുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ **തിരുവനന്തപുരം ജില്ലാ ഓഡിറ്റ് കാര്യാലയത്തിൽ** നിലവിലുള്ള ഒഴിവിൽ ശ്രീ.ലക്ഷ്മീകാന്ത്.പിയ്ക്ക് ഓഡിറ്ററായി നിയമനം നൽകി ഉത്തരവാകുന്നു.

ശ്രീ.ലക്ഷ്മീകാന്ത്.പി ഓഡിറ്ററായി നിയമിതനായി കൊണ്ടുള്ള നിബന്ധനകൾ പാലിക്കാമെന്നുള്ള നിശ്ചിത മാതൃകയിലുള്ള ജാമ്യകരാർ ചമച്ചെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ശ്രീ.ലക്ഷ്മീകാന്ത്.പിയെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ഓഡിറ്റർ തസ്തികയിലെ ഏറ്റവും ജൂനിയർ ഉദ്യോഗസ്ഥനായി പരിഗണിക്കുന്നതായിരിക്കും. പ്രസ്തുത വിവരം ഉദ്യോഗസ്ഥന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ് . ശ്രീ.ലക്ഷ്മീകാന്ത്.പിയുടെ മുൻകാല സേവനം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലെ സീനിയോറിറ്റിയ്ക്ക് ബാധകമായിരിക്കില്ല. KS&SSR പാർട്ട് 2 റൂൾ 20(ബി) & ലോക്കൽ ഫണ്ട് ഓഡിറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരം ശ്രീ.ലക്ഷ്മീകാന്ത്.പി 3 വർഷത്തെ തുടർച്ചയായ സേവന കാലയളവിൽ 2 വർഷം പ്രൊബേഷനിലായിരിക്കും.

(ഒപ്പ്)
**ഡയറക്ടർ**

**ശ്രീ.ലക്ഷ്മീകാന്ത്.പി, ഓഡിറ്റർ**

പകർപ്പ്

1. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ (സർവീസസ് – എ)വകുപ്പ്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ജോയിന്റ് ഡയറക്ടർ, ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
3. ജോയിന്റ് ഡയറക്ടർമാർ/സീനിയർ ഡെപ്യൂട്ടി ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർമാർ (ഡയറക്ടറേറ്റ്)
4. എസ്റ്റാ 2,3, 4, അക്കൗണ്ട്സ് സെക്ഷനുകൾ
5. ഓഫീസ് കോപ്പി